**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. *481

23.03.2018 ലെ മറുപടിയ്ക്ക്

## മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

| ചോദ്യം<br>ശ്രീ.സി.കെ.നാണു<br>,, കെ. കൃഷ്ണൻകുട്ടി<br>,, കോവൂർ കുഞ്ഞുമോൻ<br>,, കെ.ബി.ഗണേഷ് കുമാർ | | ഉത്തരം<br>ശ്രീ. എ. കെ. ബാലൻ<br>പട്ടിക ജാതി/പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമ/നിയമ/ സാംസ്കാരിക/ പാർലമെന്ററികാര്യ വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | പട്ടികജാതി പട്ടികവർഗ വകുപ്പുകൾ നടത്തുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ അധ്യാപക അനധ്യാപക നിയമനം ഇപ്പോൾ എങ്ങനെയാണ് നടത്തുന്നത്; അധ്യാപകരെ വിദ്യാഭ്യാസ വകുപ്പിലെ ഹൈസ്കൂൾ, ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി വിഭാഗങ്ങളിൽനിന്നും ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ നിയമിക്കുന്നത് സ്ഥാപനങ്ങളുടെ ഗുണമേന്മ ഉയർത്തുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) യും (ബി) യും | കേരള പട്ടികജാതി പട്ടികവർഗ്ഗ റെസിഡൻഷ്യൽ എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ കീഴിലാണ് മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ (എം.ആർ.എസ്) പ്രവർത്തിക്കുന്നത്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി 20 എം.ആർ.എസ്സുകളും പട്ടികജാതി വിദ്യാർത്ഥികൾക്കായി ഒരു സ്പോർട്സ് സ്കൂൾ ഉൾപ്പെടെ 9 എം.ആർ.എസ്സുകളുമാണ് ഇപ്പോൾ പ്രവർത്തിച്ചു വരുന്നത്.<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള 20 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ 2 എണ്ണം സി.ബി.എസ്.ഇ സ്കൂളുകളാണ്. സംസ്ഥാന സിലബസ് പഠിപ്പിക്കുന്ന 18 സ്കൂളുകളിൽ 11 ഹയർ സെക്കൻററി സ്കൂളും 6 ഹൈസ്കൂളും 1 പ്രൈമറി സ്കൂളും ഉൾപ്പെടും.<br><br>പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള 9 സ്കൂളുകളിൽ ഒരു സ്പോർട്സ് ഹയർ സെക്കൻററി സ്കൂൾ, 7 ഹയർ സെക്കൻററി സ്കൂൾ 2 ഹൈസ്കൂളുകൾ എന്നിവ ഉൾപ്പെടും.<br><br>മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലേക്ക് അധ്യാപകരെ വിദ്യാഭ്യാസ വകുപ്പിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നിയമിക്കുന്നത്. അധ്യാപക തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ എണ്ണം പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കുവാൻ വ്യവസ്ഥ ഇല്ല.<br><br>ഒരോ അധ്യയന വർഷാരംഭത്തിലും ആവശ്യമായ അധ്യാപകരുടെ എണ്ണം വിദ്യാഭ്യാസ വകുപ്പിനെ അറിയിക്കാറുണ്ട്. ഒഴിവുള്ള തസ്തികകളിലേക്ക് അപേക്ഷ നൽകുന്ന അധ്യാപകരിൽ നിന്ന് ഇൻറർവ്യൂ നടത്തിയാണ് നിയമനം നൽകിവരുന്നത്. വിദ്യാഭ്യാസ വകുപ്പിൽ നിന്ന് അധ്യാപകരെ ലഭിക്കാത്ത തസ്തികകളിലേക്ക് മാത്രം നേരിട്ട് കരാർ അടിസ്ഥാനത്തിൽ നിയമിക്കാറുണ്ട്. ജില്ലാ കലക്ടർ ചെയർമാനായ ഇൻറർവ്യൂ ബോർഡാണ് കരാർ നിയമനത്തിനുള്ള ലിസ്റ്റ് തയ്യാറാക്കുന്നത്. രണ്ട് തരത്തിലുള്ള നിയമന രീതികളിലും അധ്യാപകരുടെ ഉയർന്ന ഗുണനിലവാരം |
| (ബി) | പ്രസ്തുത സ്കൂളുകളിലെ എല്ലാ നിയമനങ്ങളും പി.എസ്.സി.യ്ക്ക് വിടാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | ഉറപ്പുവരുത്താറുണ്ട്. ഇത് സ്ഥാപനങ്ങളിലെ വിദ്യാഭ്യാസ ഗുണ നിലവാര വർദ്ധനയ്ക്കും കാരണമായിട്ടുണ്ട്. അധ്യാപകേതര ജീവനക്കാരെ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നാണ് നിയമിക്കുന്നത്. |
| (സി) | മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ പ്രവേശന മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; ഇതിന് സംസ്ഥാനാടിസ്ഥാനത്തിൽ പരസ്യം ചെയ്യാറുണ്ടോ; | (സി) | ഓരോ വർഷവും സംസ്ഥാന തലത്തിൽ നടത്തുന്ന മത്സര പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിലാണ് മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലേക്കുള്ള പ്രവേശനം നടത്തുന്നത്. കുടുംബവാർഷിക വരുമാനത്തിന്റെ ഉയർന്ന പരിധി 1 ലക്ഷം രൂപയാണ്. സാധാരണഗതിയിൽ 5-ാം ക്ലാസിലേക്കാണ്പ്രവേശനം നൽകുന്നത്. എന്നാൽ ഇടുക്കി, പൂക്കോട് എം.ആർ.എസ്സുകളിൽ 6-ാംക്ലാസിലേക്കാണ് പ്രവേശനം നൽകുന്നത്. കാടർ, കൊറഗർ, കാട്ടുനായ്ക്കൻ, ചോലനായ്ക്കൻ, കുറുമ്പർ എന്നീ അതീവദുർബ്ബല വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷ എഴുതേണ്ടതില്ല .<br><br>സി.ബി.എസ്.ഇ സ്കൂളുകളിലേക്ക് 1-ാം ക്ലാസിലേക്ക് അഭിമുഖത്തിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം നൽകുന്നത്. അയ്യങ്കാളി മെമ്മോറിയൽ സ്പോർട്സ് സ്കൂളിലേക്ക് ജില്ലാതലത്തിൽ നടത്തുന്ന കായികക്ഷമതാ പരിശോധനയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം നൽകിവരുന്നത്. പ്രവേശന പരീക്ഷകൾ സംബന്ധിച്ചും കായികക്ഷമതാ പരിശോധന സംബന്ധിച്ചും എല്ലാ പത്രങ്ങളിലും സംസ്ഥാനാടിസ്ഥാനത്തിൽ അറിയിപ്പ് നൽകാറുണ്ട്. |
| (ഡി) | പട്ടികജാതി പട്ടികവർഗ വകുപ്പിന്റെ ഹോസ്റ്റലുകളുടെ പ്രവർത്തനം മെച്ച-പ്പെടുത്താൻ അതിന്റെ ചുമതലകൾ കുട്ടികൾ പഠിക്കുന്ന സ്കൂളുകളിലെ ഒന്നോ രണ്ടോ അധ്യാപകർക്ക് കൂടി നല്കാൻ ശ്രദ്ധിക്കുമോ; | (ഡി) | ഹോസ്റ്റലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നിരവധി പ്രവർത്തനങ്ങൾ ഈ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. എല്ലാ പ്രീ-മെട്രിക് ഹോസ്റ്റലുകളിലും പ്രൈമറി വിഭാഗത്തിൽ 3 വീതവും, ഹൈസ്കൂൾ വിഭാഗത്തിൽ കണക്ക്, സയൻസ്, സാമൂഹ്യശാസ്ത്രം, ഇംഗ്ലീഷ്, ഹിന്ദി എന്നീ വിഷയങ്ങൾക്ക് പ്രത്യേകം പ്രത്യേകവും ട്യൂട്ടർമാരെ നിയമിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഹോസ്റ്റലുകളിൽ കുട്ടികളുടെ മാനസിക ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനുള്ള വ്യക്തിപരമായ ഇടപെടലുകൾ നടത്തുന്നതിനും എം.എസ്സ്.ഡബ്ല്യൂ യോഗ്യതയുള്ള കൗൺസിലർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ ഹോസ്റ്റലുകളിൽ അധ്യാപന യോഗ്യതയുള്ള റസിഡന്റ് ട്യൂട്ടർമാരെയും നിയമിച്ചിട്ടുണ്ട്. കുട്ടികൾ പഠിക്കുന്ന സ്കൂളുകളിലെ അധ്യാപകർക്ക് ചുമതല നൽകേണ്ടതിന്റെ ആവശ്യം ഇപ്പോൾ ഇല്ല. |

| | | | |
|---|---|---|---|
| (ഇ) | കുട്ടികളുടെ മാനസികവും ശാരീരികവുമായ ആരോഗ്യ പരിശോധന നടത്താൻ ആരോഗ്യ വകുപ്പിനെയും അടുക്കള ഭക്ഷണ ശുചിത്വം പരിശോധി ക്കാൻ ഭക്ഷ്യ സുരക്ഷാ വകുപ്പിനെയും ഏകോപിപ്പിച്ച് പദ്ധതികൾ നടപ്പി ലാക്കുമോ? | (ഇ) | അതത് പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർമാർ പീരിയോഡിക്കലായി ഹോസ്റ്റലുകൾ സന്ദർശിച്ച് കുട്ടികളുടെ വൈദ്യ പരിശോധന നടത്തിവരുന്നുണ്ട്. കുടിവെള്ളത്തിന്റെ ഗുണമേന്മയും പരിസരശുചിത്വവും ആരോഗ്യ വകുപ്പിലെ ജീവനക്കാർ പരിശോധിച്ചുവരുന്നുമുണ്ട്. മെച്ചപ്പെട്ട ശുചിത്വ സംവിധാനങ്ങൾ എല്ലാ ഹോസ്റ്റലുകളിലും ഒരുക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഹോസ്റ്റലുകളിലേയും എം.ആർ.എസ്സുകളിലേയും അടുക്കളകൾ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ സർട്ടിഫിക്കറ്റുകളോടുകൂടിയാണ് പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ